**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** | **30-07-2021 - ൽ മറുപടിയ്ക്ക്**

**അതിതീവ്ര കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിതീവ്ര കടലാക്രമണം ഉണ്ടാകുന്ന ഏതെല്ലാം സ്ഥലങ്ങളെയാണ് ഹോട്ട് സ്പോട്ട് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ; | (എ) | അതി തീവ്ര കടലാക്രമണം നേരിടുന്ന താഴെ പറയുന്ന സ്ഥലങ്ങളാണ്(അനുബന്ധമായി ചേർത്തിരിക്കുന്നു) ഹോട്ട്സ്പോട്ട് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണപ്രതിരോധത്തിന് എന്തുസംവിധാനം ഒരുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്; | (ബി) | പ്രസ്തുത പ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനം നടത്തുന്ന തിനുവേണ്ടിയുള്ള കരട് കരാർ NCCR ലഭ്യമാക്കിയിട്ടുണ്ട്, പ്രസ്തുത കരട് അംഗീകരിക്കു ന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2021 -2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മേൽ പറഞ്ഞ 10 ഹോട്സ്പോട്ടുകളിൽ ഒന്നായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ടെട്രാപോഡ് ഉപയോഗിച്ച് ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344 .20 കോടി രൂപ) വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയത് സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച്, (എൻ.സി.സി.ആർ) മുഖേന പഠനം നടത്തി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ? | (സി) | പ്രസ്തുത പ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനം നടത്തുന്ന തിനുവേണ്ടിയുള്ള കരട് കരാർ NCCR ലഭ്യമാക്കിയിട്ടുണ്ട്, പ്രസ്തുത കരട് അംഗീകരിക്കു ന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2021 -2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മേൽ പറഞ്ഞ 10 ഹോട്ട്സ്പോട്ടുകളിൽ ഒന്നായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ടെട്രാപോഡ് ഉപയോഗിച്ച് ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344 .20 കോടി രൂപ) വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച്, (എൻ.സി.സി.ആർ) മുഖേന പഠനം നടത്തി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | പ്രദേശം |
|---|---|
| തിരുവനന്തപുരം | കൊല്ലംകോട്, ശംഖുമുഖം |
| കൊല്ലം | ആലപ്പാട് |
| ആലപ്പുഴ | ഒറ്റമശ്ശേരി |
| എറണാകുളം | ചെല്ലാനം |
| തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| കോഴിക്കോട് | കാപ്പാട് |
| മലപ്പുറം | പൊന്നാനി |
| കണ്ണൂർ | തലശ്ശേരി |
| കാസർഗോഡ് | വലിയപറമ്പ് |

**സെക്ഷൻ ഓഫീസർ**